# പാശ്ചാത്യ-പൗരസ്ത്യ സൈദ്ധാന്തിക സമീക്ഷകൾ

## എം. ലീലാവതിയുടെ നിരൂപണലോകം

**നേവി ജോർജ്**
ഗവേഷകൻ, സ്കൂൾ ഓഫ് ലെറ്റേഴ്സ് എം.ജി. സർവകലാശാല, കോട്ടയം

മലയാള നിരൂപണശാഖയെ മുഖ്യമായും മൂന്നുഭാഷകൾ പരിപോഷിപ്പിച്ചുവെന്ന് പറയാം; സംസ്കൃതം, തമിഴ്, ആംഗലേയം. കേരളത്തിൽ കണ്ടെടുക്കപ്പെട്ടതിൽ വച്ച് ഏറ്റവും പ്രാചീനമായ കാവ്യതത്ത്വഗ്രന്ഥം എ.ഡി. പതിനാലാം നൂറ്റാണ്ടിന്റെ ഒടുവിൽ സംസ്കൃതഭാഷയിലെഴുതിയതും അജ്ഞാതകർത്തൃകവുമായ ലീലാതിലകം ആണ്. ഈ ഗ്രന്ഥത്തിന്റെ വിഷയം കേരളഭാഷയെയും സാഹിത്യത്തെയുംപറ്റിയുള്ള വിശദമായ വിചിന്തനമാകുന്നു. ഭാഷാ ചിന്തയെക്കാളേറെ സാഹിത്യതത്ത്വങ്ങളുൾക്കൊള്ളുന്ന ഈ വിശിഷ്ടഗ്രന്ഥത്തിൽ ഭരതൻ, ആനന്ദവർദ്ധനൻ, മമ്മടൻ, ദണ്ഡി ഇവരുടെയെല്ലാം സ്വാധീനത പ്രകടമാണ്. (2008:5) ഇന്ത്യൻ ആത്മീയദർശനത്തിൽനിന്നാണ് ഭാരതീയ ലാവണ്യദർശനവും കാവ്യമീമാംസയും ഉരുത്തിരിഞ്ഞു വന്നത്. ഇതിൽ തമിഴകവും കാശ്മീരിദേശവും മുമ്പിട്ടു നില്ക്കുന്നു. വിശാല തമിഴകം എന്നാൽ ഇന്നത്തെ കേരളവും ഉൾപ്പെട്ടിരുന്നതാണല്ലോ. ആംഗലേയവും സാഹിത്യത്തിന്റെ നിരവധി മേഖലകൾ പുതുതായി തുറന്നുതന്നു. അതിൽ പ്രധാനപ്പെട്ട ശാഖയാണ് നിരൂപണം. മലയാളനിരൂപകരിൽ ഈ മൂന്നുഭാഷകളിലെ സ്വാധീനം പലയളവിൽ, അനുപാതങ്ങളുടെ വ്യത്യസ്തതയിൽ, കൂടിച്ചേർന്ന് ഫലമണിഞ്ഞു. ഇവരിൽ എടുത്തുപറയേണ്ട വ്യക്തിത്വമാണ് എം.ലീലാവതിയുടേത്. മലയാള നിരൂപണശാഖയിലെ ആധുനികഘട്ടത്തിന്റെ പ്രതിനിധി കൂടിയാണവർ. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സംയോജനം എം.ലീലാവതിയുടെ കൃതികളിലൂടെ മലയാള നിരൂപണശാഖയ്ക്കു ലഭിച്ചു. സൂക്ഷ്മമായി പറഞ്ഞാൽ സംസ്കൃത്തിലെ വസ്തുര സ്വഭാവധ്വനിയും യൂങിയൻ മനഃശാസ്ത്രത്തിലെ

മാനസികാപഗ്രഥനവുമാണ് അവർ കൂട്ടിച്ചേർത്തത്(2015:73). ആംഗലേയത്തിലൂടെ ആർജ്ജിച്ചെടുത്ത ശാസ്ത്രബോധത്തെ പാരമ്പര്യത്തിൽ നിന്ന് വേദോപനിഷത്തുക്കളുമായി മനനം ചെയ്ത് പുതിയൊരു നിരൂപണശൈലി മലയാളത്തിലവതരിപ്പിക്കുന്നതിൽ എം.ലീലാവതി വിജയിച്ചുവെന്നു പറയാം.

അവധാരണം, വ്യാഖ്യാനം, മൂല്യനിർണ്ണയം ഈ മൂന്നുതലങ്ങൾ കടന്ന് നിരൂപണം നടത്തുന്നതിൽ എം.ലീലാവതി പ്രത്യേക ശ്രദ്ധ ചെലുത്തി. ആറുപതിറ്റാണ്ടായി എഴുതുന്ന അവരുടെ നിരൂപണങ്ങളിൽ ഏറിയപങ്കും കവിതാ നിരൂപണമാണ്. ഇരുപതാംനൂറ്റാണ്ടിലെ മികച്ച എല്ലാ കവികളെപ്പറ്റിയും ആധികാരികപഠനം നടത്തിയിരിക്കുന്നു. (2015:36) വിഷയവൈവിധ്യത്തിലും പാണ്ഡിത്യത്തിലും എം.ലീലാവതി സമകാലീനരിൽനിന്ന് ബഹുദൂരം മുമ്പിട്ടു നില്ക്കുന്നു. നിരൂപണം എങ്ങനെയാവരുതെന്ന് അവർ പറയുന്നത് ശ്രദ്ധേയമാണ്. "നിരൂപണത്തിന്റെ ലക്ഷ്യം പർവതങ്ങളെ തകർക്കുകയല്ല. അങ്ങനെ ചെയ്താൽ മണ്ണിലൊപ്പുകൊണ്ട് ഭാഷയും സാഹിത്യവും തരിശുഭൂമിയായിത്തീരുകയാവും ഫലം. നിരൂപണത്തിന് ഡൈനാമിറ്റിന്റെ ശക്തിയുണ്ടെങ്കിൽ അതുപയോഗിക്കേണ്ടത് പാറക്കെട്ടുകൾ പൊട്ടിച്ച് അവയ്ക്കടിയിൽ വർത്തിക്കുന്ന കുതിർത്ത സൗന്ദര്യപൂരത്തെ പുറത്തുകൊണ്ടുവന്ന് വരൾച്ച തീർക്കാനാണ്." (2000:18) ചുരുക്കത്തിൽ ഖണ്ഡനവിമർശനങ്ങളോട് വിപ്രതിപത്തിയും ധാർഷ്ട്യം നിരൂപക ലക്ഷണമാണെന്ന വാദത്തോട് വിയോജിപ്പും അതിരറ്റ പുകഴ്ത്തലിനോട് മമതയില്ലായ്മയും എം.ലീലാവതിയുടെ നിരൂപണങ്ങളുടെ സ്വഭാവമാണ്. നിരൂപണസാഹിത്യത്തോട് അവർ കാണിച്ച അർപ്പണമനോഭാവത്തിന്റെ നേർസാക്ഷ്യങ്ങളാണ് വിഷയവൈവിധ്യമുള്ളതും ഈടുറ്റതുമായ നാല്പതോളം നിരൂപണഗ്രന്ഥങ്ങൾ.

സമകാലിക സാഹിത്യത്തിലെ അഭിനവ നിരൂപകരുടെ ശൈലിയെ വിമർശിച്ചുകൊണ്ട് പന്മന നടത്തുന്ന നിരീക്ഷണം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്:

"നല്ല ഗദ്യമെഴുതുക പദ്യരചനയെക്കാൾ ക്ലേശകരമാണ്. അതിനു നീണ്ടാളത്തെ കഠിനാധ്വാനം കൂടിയേ തീരൂ. ശൈലീധനന്മാരായ പൂർവ്വികരുടെ രചനകളുമായുള്ള ഗാഢപരിചയവും നിരന്തരമായ പരിശീലനവും കൊണ്ടേ നല്ല ഗദ്യമെഴുതാനാവൂ. അതിനു കുറുക്കുവഴിയൊന്നുമില്ല. അതുല്യനിരൂപകനായ കുട്ടികൃഷ്ണമാരാർ പറഞ്ഞിട്ടുണ്ട്, മൂന്നുനാലു തവണയെങ്കിലും മാറ്റിയെഴുതാതെ ഒരു ചെറിയലേഖനംപോലും താൻ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന്. പക്ഷേ, പുതിയ നിരൂപകന് പെട്ടെന്നു

പ്രസിദ്ധിനേടണം, വ്യത്യസ്തനാകണം! വ്യത്യസ്തനാകണമെങ്കിൽ ശ്രദ്ധേയമായ ആശയങ്ങൾ വേണം; ശ്രദ്ധേയമായ ഭാഷാശൈലിയും വേണം. രണ്ടും ക്ഷിപ്രസാധ്യമല്ലല്ലോ. സ്വാഭാവിക ശൈലിയിലൂടെ അനുവാചക ശ്രദ്ധ നേടാനുള്ള കഴിവില്ലാത്തതിനാൽ ഇക്കൂട്ടർ പ്രചലിതമായ രീതികളൊക്കെ ലംഘിച്ചുകൊണ്ട് കൃത്രിമശൈലി എന്ന എളുപ്പവഴി സ്വീകരിക്കുന്നു. പാണ്ഡിത്യവും പെട്ടെന്നു നേടാനാവില്ലല്ലോ. പിന്നെ എന്തുവഴി? അസ്തിത്വവാദം, ഘടനാവാദം, അപനിർമ്മാണം, ആധുനികത, അത്യന്താധുനികത, ഉത്തരാധുനികത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട കുറെ ഇംഗ്ലീഷ് പുസ്തകങ്ങൾ കൈയിൽ കിട്ടുന്ന മുറയ്ക്ക് മുന്നിൽ നിവർത്തിവയ്ക്കുന്നു. അവയിലെ ആശയങ്ങൾ വേണ്ടവണ്ണം ഉൾക്കൊള്ളാതെയും അവ തമ്മിലുള്ള പൊരുത്തക്കേടുകളൊന്നും മനസ്സിലാക്കാതെയും അവിടന്നും ഇവിടന്നും പകർത്തിയെടുത്ത് അനാകർഷകമായ മലയാളത്തിലാക്കി പ്രബന്ധരചന നടത്തുന്നു. ആധികാരികതയ്ക്കും പഠനവ്യാപ്തിക്കും തെളിവായി ഗ്രന്ഥനാമങ്ങളും ഗ്രന്ഥകാരനാമങ്ങളും ഇടയ്ക്കിടെ നിരത്തുന്നു. പഠനത്തിന്റെയും ആശയങ്ങളുടെയും 'ഗഹനത' ബോധ്യപ്പെടുത്താൻ ദുർഗ്രഹങ്ങളും അപ്രസക്തങ്ങളുമായ കൃത്രിമപദങ്ങളും ദുർഗ്രഹ വാക്യഘടനയും സൃഷ്ടിക്കുന്നു. ആധുനിക നിരൂപണം വായനക്കാർക്കു ദുർഗ്രഹമായിത്തോന്നുന്നെങ്കിൽ അതിനു കാരണം നിരൂപകന്റെ അപൂർവ്വ മഹത്വവും വായനക്കാരുടെ നിലവാരക്കുറവുമാണ് എന്നുമത്രേ ഇവരുടെ നിലപാട് (2008:20).

എം.ലീലാവതി 1953-ൽ വിക്ടോറിയ കോളേജിൽ നിന്നാണ് നിരൂപണം എഴുതിത്തുടങ്ങുന്നത്. കുട്ടികൃഷ്ണമാരാരെ വിമർശിച്ചാണ് തുടക്കം. ജി.ശങ്കരക്കുറുപ്പിന്റെ 'നിമിഷത്തെപ്പറ്റി കുട്ടികൃഷ്ണമാരാർ നടത്തിയ വിമർശനത്തെ ചോദ്യംചെയ്തുകൊണ്ട് അവരെഴുതിയ ലേഖനം പ്രസിദ്ധീകരിച്ചപ്പോൾ എം.ലീലാവതി ' എന്നത് പരിണിതപ്രജ്ഞനായ ഏതോ ഒരു നിരൂപകന്റെ അപരനാമമാണെന്ന് മാരാർ സംശയിച്ചതായി പറയപ്പെടുന്നു. ഒരു സ്ത്രീയ്ക്ക് ഇത്രയും കണിശമായി വാദിക്കാൻ കഴിയില്ലെന്നായിരുന്നത്രെ അദ്ദേഹത്തിന്റെ അഭിപ്രായം (2015:46). ആൺകോയ്മയെ വെല്ലുവിളിച്ച നവനിരൂപകയെ ബൗദ്ധികതലത്തിലെന്നതിനുപരി ശാരീരികവശങ്ങളിലേക്കു കടന്നാക്രമിക്കുന്നതാണ് പിന്നീട് കണ്ടത്. ലളിതാംബിക അന്തർജനവും സരസ്വതിയമ്മയും മാധവിക്കുട്ടിയും നേരിട്ട ഒഴിവാക്കലുകൾ എം. ലീലാവതിയും നേരിട്ടെന്ന് ജെ. ദേവിക പറഞ്ഞുവയ്ക്കുന്നു (2015:48). ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ എതിർപ്പുകളും ഇതോടൊപ്പം അവർ നേരിടേണ്ടിവന്നുവെന്നതും ചേർത്തുവായിക്കേണ്ടതുണ്ട്. എന്നാൽ കടുത്ത ആൺകോയ്മാ

സംസ്കാരം നിലനിന്നിരുന്ന മലയാള നിരൂപണസാഹിത്യരംഗത്ത് ധൈര്യപൂർവ്വം കടന്നുചെന്ന് ഉന്നതസ്ഥാനം കൈവരിക്കുന്നതിൽ എം. ലീലാവതി അക്ഷരാർത്ഥത്തിൽ വിജയിച്ചു എന്ന് പറയാം.

സ്ത്രീ സ്വത്വാവിഷ്കാരം ആധുനികമലയാളസാഹിത്യത്തിൽ എന്ന കൃതിയിൽ എം.ലീലാവതി നടത്തുന്ന നിരീക്ഷണം ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യലബ്ധി ഭാരതീയ ജനതയുടെ ചരിത്രത്തിൽ വഴിത്തിരിവായൊരു സംഭവമായിത്തീരുന്നത്, ധൈഷണികവും മാനസികവും സാംസ്കാരികവുമായ കർമ്മരംഗങ്ങളിൽ നവചൈതന്യം പ്രസരിപ്പിക്കാൻ ഹേതുവായി, ചാലകശക്തിയായി പ്രവർത്തിക്കാൻ അതിനു കഴിയുമ്പോഴാണ്. സ്ത്രീശക്തിയുടെ പ്രകൃതത്തിൽ ഈ ഉണർച്ച ഒട്ടൊക്കെ സംഭവിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ പ്രായേണ ഉറങ്ങിക്കിടന്ന സ്ത്രീസർഗ്ഗചേതന ഉത്തരാർദ്ധത്തിൽ ഉണർന്നു വളർന്നു വികസിക്കുകയുണ്ടായി. മനസ്സിന്റെ ബന്ധനമോചനം എന്ന പ്രതിഭാസം സ്ത്രീചേതനയിൽ തികഞ്ഞ സ്വാഭാവികതയോടെ സംഭവിച്ചു (2015: 9).

മലയാളസാഹിത്യനിരൂപണരംഗത്ത് അംഗീകാരത്തെപ്പറ്റിയോ പരിഗണനകളെപ്പറ്റിയോ തെല്ലും വേവലാതി കൂടാതെ നിരന്തരമായി എഴുതിക്കൊണ്ടേയിരിക്കുന്നു എന്നതാണ് എം.ലീലാവതിയെ മറ്റുള്ളവരിൽനിന്ന് ഉയർത്തി നിർത്തുന്ന പ്രധാനഘടകം. "നിരൂപണശാഖയിൽ സ്വന്തമായ ഒരു വഴിതുറന്നെടുത്ത ടീച്ചർ ഏതു കൃതിയിലും തിരയുന്നത് സൃഷ്ടിപരതയുടെ അഥവാ കാവ്യഭംഗിയുടെ നാമ്പുകൾക്കായാണ്" എന്ന സി.രാധാകൃഷ്ണന്റെ അഭിപ്രായം ഇവിടെ പ്രസ്താവ്യമാണ്(2015: 21). ജന്മനാ ഉണ്ടാകേണ്ട പ്രതിഭയും നിരന്തര പരിശ്രമത്തിലൂടെ ഉണ്ടാകേണ്ട അഭ്യാസവും വലിയൊരളവുവരെ എം.ലീലാവതിയിൽ ഉണ്ടായി എന്നു കാണാൻ കഴിയും. യുക്തിനിഷ്ഠമായ ഭൗതികവീക്ഷണവും ശാസ്ത്രതത്വങ്ങളും കവിതകളിൽ അന്വേഷിച്ചുകൊണ്ട് നിരൂപണരംഗത്ത് പ്രത്യക്ഷപ്പെട്ട അവർ പാരമ്പര്യത്തെ ശ്ലാഘിക്കുന്ന ഉത്പതിഷ്ണുവായിരുന്നുവെന്ന് പറയാം. ഭാരതത്തിന്റെ പൈതൃകമായ വേദോപനിഷത്തുകളിൽനിന്ന് ആധുനിക മനഃശാസ്ത്ര സിദ്ധാന്തങ്ങളിലേക്ക് മലയാളനിരൂപണത്തെ ബന്ധിപ്പിക്കുവാൻ ശ്രമിച്ചുവെന്നത് ഇതിന് ഉപോൽബലകമായ വസ്തുതയാണ്.

## എം. ലീലാവതിയുടെ രചനാലോകം

നാല്പത്തിയൊന്നു പുസ്തകങ്ങൾ രചിക്കുകയും പതിനൊന്നു ഗ്രന്ഥങ്ങൾ മൊഴിമാറ്റം നടത്തുകയും ചെയ്ത എം.ലീലാവതിയുടെ

രചനാലോകം വിപുലമാണ്. അവയിൽ വിലാപകാവ്യങ്ങളെക്കുറിച്ച് രചിച്ച കണ്ണീരും മഴവില്ലും, കവിതാനിരൂപണ ഗ്രന്ഥങ്ങളായ നവരംഗം, നവതരംഗം, കവിതയും ശാസ്ത്രവും, വർണ്ണരാജി, അമൃതമശ്നുതേ, കവിതാരതി, വിശ്വോത്തരമായ വിപ്ലവേതിഹാസം, ജി.യുടെ കാവ്യജീവിതം, കവിതാധ്വനി, കാവ്യാരതി, സത്യം ശിവം സുന്ദരം, മലയാള കവിതാസാഹിത്യചരിത്രം എന്നിവയും സി.വി.യുടെ ശൃംഗാരചിത്രണം, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങൾ, കെ.ജി. ശങ്കരപ്പിള്ളയുടെ കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന പുസ്തകത്തിന്റെ ആസ്വാദനം, സി. രാധാകൃഷ്ണന്റെ ഒമ്പത് നോലവലുകളെക്കുറിച്ചുള്ള അപ്പുവിന്റെ അന്വേഷണം, കുട്ടികളെ സംബന്ധിച്ച ആകാംക്ഷകൾ പങ്കുവയ്ക്കുന്ന കരയുന്ന കുട്ടികൾ, ഗോഡ് ഓഫ് സ്മോൾ തിങ്സ് എന്ന നോവലിനെക്കുറിച്ചുള്ള ആസ്വാദനം, ഫെമിനിസം–ചരിത്രപരമായ അന്വേഷണം, എം.ടി.യുടെ അസുരവിത്തിനെക്കുറിച്ചുള്ള പഠനം, സാഹിത്യനിരൂപണത്തിലെ ദിശാബോധം, ഭാരതസ്ത്രീ, അക്കിത്തത്തിന്റെ കവിത ഒരു പഠനം, സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ, ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ, നവകാന്തം, അർത്ഥാന്തരങ്ങൾ, രാമായണ വിവർത്തനവും വ്യാഖ്യാനവും, ഡി.ഡി.കൊസാംബിയുടെ പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും ചരിത്രപരമായ രൂപരേഖയുടെ വിവർത്തനം, ഗോമുഖയാത്രയുടെ വിവർത്തനം, നമ്മുടെ പൈതൃകം, അമൃതവിദ്യ, മൂല്യസങ്കല്പങ്ങൾ, മഹാകവി വള്ളത്തോൾ, അണയാത്ത ദീപം, എട്ടുനാൾ കുട്ടിക്കൊപ്പം, അശ്രുപൂജ, നിറഞ്ഞ കണ്ണ്, കരുണയ്ക്കാരൊമുഖം, ലീലവ്യാഖ്യാനം, എഴുത്തച്ഛനും കാലവും എന്നീ ഗ്രന്ഥങ്ങളും മൗലാന അബ്ദുൾകലാം ആസാദ്, ഫ്ലോറൻസ് നൈറ്റിംഗേൽ, മഹാകവി ജി. ശങ്കരക്കുറുപ്പ്, ഇടശ്ശേരി ഗോവിന്ദൻനായർ, ഇന്ദിരാഗാന്ധി എന്നിവരുടെ ജീവചരിത്രവും ബുദ്ധദേവ് ബോസ് ജീവചരിത്ര വിവർത്തനവുമാണ് ഉൾപ്പെടുന്നത്.

### കവിതാനിരൂപണവും എം. ലീലാവതിയും

മലയാള കാവ്യനിരൂപണശാഖ എം. ലീലാവതിയുടെ അഭാവത്താൽ ശുഷ്കവും ഏറെക്കുറെ അപൂർണ്ണവുമാണെന്ന് പറയാം. ഇതര നിരൂപകരിൽനിന്നു വ്യത്യസ്തമായി എല്ലാ കൃതികളുടെയും സർഗ്ഗാത്മക ചൈതന്യത്തെ കവിതയായി അവർ സ്വീകരിച്ചു. “കവിതയ്ക്ക് വെളിയിലുള്ളതല്ല കവിതയിൽ കവിത തന്നെ വായിച്ചു എന്നതാണ് അവരുടെ വിമർശന മൂല്യം” (2015:59) എന്ന പി.വി. കൃഷ്ണൻനായരുടെ

നിരീക്ഷണം ശ്രദ്ധേയമാണ്. കവിതയുടെ അനുഭവമണ്ഡലത്തെ തൊട്ടറിയുകയും അതിനു യോജിച്ച അപഗ്രഥനരീതി സ്വീകരിക്കുകയുമാണ് അവർ ചെയ്യുക. ആവശ്യമായ സന്ദർഭങ്ങളിൽ മനോവിശ്ലേഷണ സമ്പ്രദായത്തെയും നവവിമർശനരീതികളെയും ഉപയോഗപ്പെടുത്തുന്നുമുണ്ട് (2015: 350). നൂതനമായ പാരായണരീതിയിലൂടെ കവിത പുനഃസൃഷ്ടിക്കാൻ അനുവാചകന് സാധിക്കുമ്പോഴാണ് കവിത കവിതയാകുന്നതെന്ന എം. ലീലാവതിയുടെ നിരീക്ഷണം ആസ്വാദകപക്ഷത്തോടുള്ള അവരുടെ ഉദാരസമീപനമാണ് വ്യക്തമാക്കുന്നത്. കവിതാനിരൂപണത്തിൽ എം.  ലീലാവതിയുടെ ശ്രദ്ധ ഏറ്റവും കൂടുതൽ പതിഞ്ഞവരിൽ ആശാൻ, വള്ളത്തോൾ, അക്കിത്തം, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ജി. ശങ്കരക്കുറുപ്പ്, കടമ്മനിട്ട തുടങ്ങിയവർ ഉൾപ്പെടുന്നു.

കുമാരനാശാന്റെ ഉത്കൃഷ്ടകാവ്യങ്ങൾ നളിനിയും ലീലയുമാണെന്ന് ലീലാവതിക്ക് തീർച്ചയുണ്ട്. ഇവയിൽ മെച്ചപ്പെട്ടതേതാണെന്ന ചോദ്യത്തിന് "ഉഷസ്സുഷമയോ സാന്ധ്യരാഗമോ കൂടുതൽ സുന്ദരം എന്നു നിശ്ചയിക്കും പോലെ ദുഷ്കരമാണ്" എന്ന മറുപടിയാണ് അവർ നല്കിയിരിക്കുന്നത്. ആശാൻ പഠനങ്ങളിൽ ഏറ്റവുമധികം വിശകലനത്തിന് വിധേയമാക്കിയിരിക്കുന്ന ഖണ്ഡകാവ്യങ്ങളും ഇവ രണ്ടുമാണ്. മലയാളത്തിലെ ആദ്യത്തെ ശ്രദ്ധേയമായ പ്രേമദുരന്തകാവ്യങ്ങളായാണ് ഈ കൃതികളെ അവർ വിലയിരുത്തുന്നത്. അതിനു കാരണം രതിയും ശോകവും സമ്യക് യോഗമെന്ന നിലയിൽ ഒരൊറ്റ മൗലികഭാവമായി ഈ കൃതികളിൽ ഉന്മീലനം ചെയ്യപ്പെടുന്നുവെന്നതാണ് അവർ നിരീക്ഷിക്കുന്നത്. ആംഗലകാല്പനിക കവിതയുമായി കവിയ്ക്കുള്ള പരിചയത്തെ ജോൺ കീറ്റ്സിന്റെ ഇസബെല്ലാ, ആൽഫ്രഡ് ടെന്നിസന്റെ ഈനക് ആഡൻ, ലോങ് ഫെലോവിന്റെ ഇവാൻ ജലിൻ എന്നീ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി അവർ സമർത്ഥിക്കുന്നു. മലയാളകവിതയിലെ ആശാൻസന്ദർഭത്തിന്റെ പ്രാധാന്യം എം.ലീലാവതി ഇങ്ങനെ വിലയിരുത്തുന്നു. "മലയാളസാഹിത്യത്തിൽ നിലവിലുണ്ടായിരുന്ന ശൃംഗാരശൈലിയും ജീവിതാവിഷ്കരണരീതിയും ആവർത്തനംകൊണ്ടും ആകണ്ഠപാനം കൊണ്ടും മടുപ്പുളവാക്കി കഴിഞ്ഞിരുന്നു. ആ മധുരം മടുത്തവരിൽ കണ്ണീരിന്റെ ലാവണ്യത്തിനുവേണ്ടിയുള്ള ആന്തരമായ ഒരു ഉഴർച്ച ഉണ്ടായിരിക്കണം. രതി മാത്രമോ, ശോകം മാത്രമോ ഉന്മീലനം ചെയ്യുമ്പോഴും അവയുടെ സംയുക്തത്തെ ഉന്മീലനം ചെയ്യുമ്പോഴും അനുഭവപ്പെടുന്നത് ആനന്ദം തന്നെയാണെങ്കിലും രണ്ടാമത്തേതിന് ദ്വന്ദ്വപ്രകാശത്തിന്റേതായ സമ്പൂർണ്ണതയുണ്ട്. രാമായണം മുതൽ രമണൻ വരെയുള്ള പ്രേമദുരന്തകാവ്യങ്ങളെല്ലാം ഇപ്രകാരം രാഗശോകങ്ങളെ

ഒരേ ഇതിവൃത്തത്തിൽ കോർക്കുന്നതുകൊണ്ടുള്ള ശബളാഭയെ ഓരോ തരത്തിൽ അതതു കവിയുടെയും കാലഘട്ടത്തിന്റെയും കാവ്യസ്വരൂപത്തിന്റെയും ശൈലിക്കൊത്തു പ്രക്ഷേപിക്കുന്നു. വീണപൂവും, നളിനിയും, ലീലയും ഈ ശബാളഭയെ കാല്പനികശൈലിയിൽ ഉന്മീലനം ചെയ്തകാലത്ത് അതു പാടിയ പിച്ചിന്മേൽ വിരള നവാംബുദബിന്ദു എന്നപോലെ മലയാളത്തിൽ ഉണർവും ഉന്മേഷവും വർഷിച്ചു. ഐതിഹാസികേതിവൃത്തങ്ങളുടെ ആവർത്തനവിവർത്തനാദികളിലൊഴികെ, ഈ ഭാവദ്വന്ദ്വസമന്വയത്തിലൂടെ മാനവവൈകാരികസത്തയുടെ ആന്തരസത്യത്തെ അനുഭൂതമാക്കുന്ന കൃതികൾ ഇല്ലാതിരുന്ന കാലത്ത് സ്വതന്ത്രേതിവൃത്തങ്ങളും ധവളോഷ്മള വികാരോജ്ജ്വലമായ കാല്പനികശൈലിയും സമ്മേളിപ്പിച്ചുകൊണ്ട് ആ അനുഭവം അവതരിപ്പിച്ചുവെന്നതാണ് അവയുടെ സദ്യഃസമാകർഷണത്തിനുണ്ടായ ഹേതു".

പ്രണയിനികളെന്ന നിലയിലുള്ള നളിനിയുടെയും ലീലയുടെയും സജാത-വൈജാത്യങ്ങളും ലീലാവതി നിരീക്ഷിക്കുന്നു. നളിനിയുടെ അനുരാഗം ശുദ്ധവും സത്വഗുണ പ്രധാനവുമാണ്. ലീലയുടെതാകട്ടെ പ്രാരംഭത്തിൽ രജോഗുണപ്രധാനമാണ്. നളിനിയുടെ വ്യക്തതയും സ്ഥിരനിശ്ചയവും ലീലയ്ക്കില്ലായിരുന്നു എങ്കിലും പരുഷവും തിക്തവുമായ ജീവിതാനുഭവങ്ങളിലൂടെ ലീല അതു കൈവരിക്കുന്നു. നളിനിയെ താമരയോടും ലീലയെ ചെമ്പകത്തോടും ഉപമിക്കുന്ന കവി അവരുടെ ധർമ്മഭേദമാണ് വിവക്ഷിക്കുന്നതെന്ന് ലീലാവതി വിലയിരുത്തുന്നു.

വള്ളത്തോൾക്കവിതയുടെ പഠനത്തിൽ അതിന്റെ പ്രധാന അന്തർധാര 'അധിപത്യധികൃതി'യാണെന്ന് വ്യക്തമാക്കാൻ പ്രധാനഖണ്ഡകാവ്യ പഠനങ്ങളിലൂടെ ലീലാവതി തയ്യാറായി. ഗണപതിയെ വിധേയതയുടെ പ്രതിഷേധമായും കൊച്ചുസീതയെ വൃഥാതുല്യമോ അതിഭാവുകത്വമോ ഇല്ലാത്ത ഭാവഭാസുരമായ കൃതിയായും അച്ഛനും മകളും എന്ന കൃതിയെ വിശ്വാമിത്രന് പിതൃഹൃദയം നല്കിയ സ്ത്രീയുടെ കേവലദുഃഖത്തെ പ്രമേയമാക്കിയ സുന്ദരകാവ്യമായും വിലയിരുത്താനുള്ള ശേഷി വിമർശനത്തിന്റെ ബഹുമുഖ ഗുണകാന്തിയിൽനിന്നു ലഭിച്ചതാണ്. ഒരു നവയുഗസന്ദേശവാഹകന് ലഭിക്കാവുന്ന മേലങ്കി വള്ളത്തോളിന് നേടിക്കൊടുത്ത ആദ്യകൃതിയായ ബന്ധനസ്ഥനായ അനിരുദ്ധനിൽ 'സ്വാതന്ത്ര്യത്തിന്റെ സന്ദേശമാണ്' എം. ലീലാവതി കൂടുതലായും കേട്ടത്. വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളിൽ നാടകീയത മുറ്റിനില്ക്കുന്നതായി എം.ലീലാവതി എടുത്തുകാണച്ചത് ശിഷ്യനും മകനും, കൊച്ചുസീത, അച്ഛനും മകളും എന്നിവയെ ഉദാഹരണമാക്കിയാണ്. ശാസ്ത്രീയവും

ഭൗതികവുമായ ജീവിതവീക്ഷണം ഉൾക്കൊള്ളാൻ അനുകൂലമായ കാലാവസ്ഥയാണ് വള്ളത്തോളിന്റെ കവിതകളിൽ വിമർശക കണ്ടെത്തിയത്. വള്ളത്തോളിന്റെ ജീവിതവീക്ഷണം, വള്ളത്തോൾ കവിതയിലെ ശൃംഗാരം, കവിയുടെ സമന്വയ പക്ഷപാതം, വള്ളത്തോൾക്കവിതയിലെ കാളിദാസീയ ഭാവന, അനേക മാനസികഭാവങ്ങളുടെ സമന്വയാവസ്ഥ, കവി എന്ന നിലയിലുള്ള ധീരത, കവിതയിലെ ദേശസ്നേഹം, കാലത്തിന്റെ ശബ്ദമായ കവിതകൾ, വള്ളത്തോൾക്കവിതയിലെ ആദിപ്രരൂപങ്ങൾ, മനഃശാസ്ത്രാവബോധം, വെൺമണി പ്രസ്ഥാനത്തിൽനിന്ന് വള്ളത്തോൾക്കവിത ഉയിർത്തെഴുന്നേറ്റവിധം, സ്ത്രീപക്ഷപാതിയായ കവിദർശനം, പുരാണകഥയിലും ദേശീയതയുടെ ആരോപം എന്നിങ്ങനെ നാനാതല സ്പർശീയമാവിധമാണ് വിമർശനവഴിയിൽ എം. ലീലാവതി വള്ളത്തോളിന്റെ രചനകളെ വിലയിരുത്തിയത് (2015:359).

അന്തർമുഖത്വം, സാമൂഹികാനുഭവം, മാനവികപക്ഷപാതം, ആസ്തികതയുടെ ആത്മീയവും പ്രകൃതിനിഷ്ഠവുമായ ദാർശനികവിതാനങ്ങൾ എന്നിവ ജി.ശങ്കരക്കുറുപ്പിന്റെ കവിതകളിൽ എം.ലീലാവതി കണ്ടെത്തി. പൗരസ്ത്യ കാവ്യശാസ്ത്രത്തിലെ ധ്വനിയുടെയും രസത്തിന്റെയും വ്യവഹാരങ്ങളെ പാശ്ചാത്യമായ ന്യൂ ക്രിട്ടിസിസത്തോട് സമീകരിക്കുന്ന രീതിശാസ്ത്രമാണ് എം. ലീലാവതിയുടെ ജി. പഠനങ്ങൾ വ്യക്തമാക്കുന്നത് (2015: 305). വ്യക്തിചേതനയിൽ വരുന്ന ഉഭയവ്യക്തിത്വത്തെ ജി. കവിതയുടെ അകവും പുറവുമായി നീങ്ങുന്ന കാവ്യകഥനങ്ങളുടെ സ്വരൂപമായി എം. ലീലാവതി വിലയിരുത്തി. ബാഹ്യവും ആന്തരവുമായ വൈരുദ്ധ്യാത്മകതയുടെ സമീകരണമായിരുന്നു ജി.യുടെ കാവ്യവ്യവഹാരങ്ങൾ. അവിടെ കാലഘട്ടം തിരിച്ചുള്ള വർഗ്ഗീകരണങ്ങളിൽ അക്കാദമികമായ താല്പര്യങ്ങളേയുള്ളൂ. എം. ലീലാവതിയുടെ ഓരോ ജി. പഠനത്തിന്റെയും താല്പര്യം ശങ്കരക്കുറുപ്പെന്ന ഭാരതീയ കവിയുടെ സവിശേഷതകൾ ആവർത്തിച്ച് സമർത്ഥിക്കുന്നതായിരുന്നു (2005:308).

ചങ്ങമ്പുഴക്കവിതയെ വിലയിരുത്തിയ എം.ലീലാവതി അവയിലെ സംഗീതാത്മക എടുത്തുകാട്ടി. ചങ്ങമ്പുഴയുടെ ആത്മാവിൽ വ്യക്തിസത്തയും സമൂഹാഭിമുഖസത്തയും ഉണ്ടായിരുന്നെങ്കിലും ആത്മാഭിമുഖസത്ത സമൂഹാഭിമുഖസത്തയെ എപ്പോഴും കീഴ്പ്പെടുത്തിക്കൊണ്ടിരുന്നു എന്നാണ് ലീലാവതി നിരീക്ഷിച്ചത്. ചങ്ങമ്പുഴക്കവിതയിൽ ഏറ്റവും പ്രബലമായി ആവിഷ്കരിക്കപ്പെട്ട വികാരം പ്രണമാണെന്നും ദ്രാവിഡർക്ക് അകം കവിതയുടെ കാലം മുതല്ക്കേ പ്രണയാദിരതി ഉണ്ടായിരുന്നെന്നും ഏറെക്കാലം നിദ്രാണമായിരുന്ന ആ പ്രവണതയാണ്

ചങ്ങമ്പുഴക്കവിതയിൽ പുഷ്പിച്ചുനിന്നതെന്നും എം.ലീലാവതി കണ്ടെത്തി.

വൈലോപ്പിള്ളിക്കവിതയിൽ സാമൂഹികസത്തയ്ക്കാണ് പ്രാധാന്യമെന്ന് അവർ നിരീക്ഷിച്ചു. തന്റെ ചുറ്റും കുന്നുകൂടിയ സാമൂഹിക ദുഃഖങ്ങൾ എന്നും കവിയെ മഥിച്ചിരുന്നു. അധഃസ്ഥിതവർഗ്ഗം, പീഡനങ്ങളുടെ പാരമ്യത്തിൽ തെരഞ്ഞെടുത്ത ഹിംസയിലൂടെയുള്ള വിപ്ലവമാർഗ്ഗം ശാശ്വതമാകുമോ എന്ന് ചിന്തിച്ച കവി കൂടിയാണ് വൈലോപ്പിള്ളി. വൈലോപ്പിള്ളിയുടെ കാവ്യവിഷയങ്ങൾ എന്തുതന്നെയായാലും അതിനെ സമീപിക്കുന്ന രീതി അന്തർമുഖമായ മാനസികഘടനയ്ക്ക് യോജിച്ചതാണെന്ന് എം. ലീലാവതി നിരീക്ഷിക്കുന്നു.

അപരദുഃഖത്തിന്റെ അരണിയിൽനിന്ന് കടഞ്ഞെടുത്ത അഗ്നിയാണ് അക്കിത്തത്തിന്റെ കവിവചസുകൾക്കെല്ലാം ഊർജ്ജമെന്ന് എം.ലീലാവതി വിലയിരുത്തുന്നു. ആത്മകേന്ദ്രിതമായ ശോകം വളരെക്കുറച്ചു മാത്രമേ തന്റെ കവിതകളിലൂടെ നല്കുന്നുള്ളൂ. കൂടാതെ അക്കിത്തം കവിതകളിലെ ആത്മോപഹാസവും വൈരുദ്ധ്യങ്ങൾ കാണുമ്പോൾ ജനിക്കുന്ന കേവലനർമ്മവും ലീലാവതി എടുത്തുകാണിക്കുന്നു. അക്കിത്തത്തിന്റെ മനുഷ്യദർശനം, വിപ്ലവദർശനം എന്നിവയെല്ലാം നിരീക്ഷിക്കുമ്പോൾ കണ്ടെത്തുന്ന മറ്റൊന്ന് ബിംബകല്പനയിൽ ഒരിക്കലും ധാരാളിത്തം പ്രകടമാക്കാത്ത കവി എന്നുള്ളതാണ്. അമൂർത്തങ്ങളായ ആശയങ്ങൾക്കു പോലും ബിംബകല്പനയിലൂടെ ഉയിരേകാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നും ശില്പഘടനയുടെയും ബിംബസന്നിവേശത്തിന്റെയും വൈദഗ്ദ്ധ്യം ചൂണ്ടിക്കാട്ടി ലീലാവതി സമർത്ഥിക്കുന്നു.

കടമ്മനിട്ടയെ ചങ്ങമ്പുഴക്കവിതയ്ക്ക് ശേഷം യുവജനഗണമനത്തെ ഏറ്റവുമധികം ആവേശം കൊള്ളിക്കുകയും ലഹരിപിടിപ്പിക്കുകയും ചെയ്യുന്ന കവിതയെന്ന് വിലയിരുത്തുന്നു. കടമ്മനിട്ടയുടെ കവിതയ്ക്ക് പ്രേരണാശക്തിയായി പ്രവർത്തിക്കുന്ന ആത്മീയ സന്താപം എന്തൊക്കെയാണെന്നും അതിന്റെ ആവിഷ്കാരത്തിൽ ആലംബനവിഭാവമായി പ്രവർത്തിക്കുന്ന ആദിപ്രരൂപങ്ങൾ ഏതൊക്കെയാണെന്നും ലീലാവതി വിശദീകരിക്കുന്നു. അവ പ്രധാനമായും മൂന്നാണ്; മഹാപിതാവും മഹാമാതാവും നിത്യശിശുവും.

ബാലാമണിയമ്മയെക്കുറിച്ചുള്ള പഠനങ്ങളിൽ കവയിത്രിയുടെ ജീവിതവുമായി ചേർത്തുവച്ചു വായിക്കേണ്ടുന്ന തരത്തിൽ (കവനപീഠത്തിൽ) കവിതയെ നോക്കിക്കാണുന്നതിലും ലീലാവതി മികവു കാണിക്കുന്നു. ഇതോടൊപ്പം സ്ത്രീരചനയുടെ കുടുംബ-സാമൂഹിക സാഹചര്യത്തിലെ

ഏറ്റവും വൈയക്തികമായതും എന്നാൽ സ്ത്രീ സ്വാതന്ത്ര്യസംബന്ധിയുമായ ഒരംശത്തിൽ ഗാഢമായി സ്പർശിക്കുന്നതിലും ലീലാവതി ശ്രദ്ധിക്കുന്നു. പുരുഷലോകത്തിന്റെ കുത്തകയായിരുന്ന ഒരു മേഖലയിൽ നിർഭയത്വത്തോടെ നിലകൊള്ളുമെന്ന് ലീലാവതി സ്വയം സൂചകമായി മാറുന്നതും ബാലാമണിയമ്മയെക്കുറിച്ചുള്ള നിരൂപണത്തിൽ കാണാം.

കവിതാനിരൂപണരംഗത്ത് ഒട്ടനവധി നിരീക്ഷണങ്ങൾ നടത്തിയ എം. ലീലാവതിയുടെ രചനാരീതിയെ നോക്കിക്കാണുവാൻ മലയാളത്തിലെ പ്രശസ്തരായ ഈ കവികളെക്കുറിച്ചുള്ള പഠനം ചൂണ്ടുപലകയാണ്. മധുരവും ദീപ്തവുമായ കാവ്യഭാഷയിലൂടെയല്ല മറിച്ച് സൈദ്ധാന്തികതയുടെയും സംവാദത്തിന്റെയും ഓജസ്സുള്ള ആഖ്യാനത്തിലൂടെയാണ് സ്വനിലപാടുകൾ മറവില്ലാതെ അവർ വ്യക്തമാക്കിയതെന്ന പി.എസ്. രാധാകൃഷ്ണന്റെ നിരീക്ഷണം ഇത്തരുണത്തിൽ ശ്രദ്ധേയമാണ് (2015: 309). അവരുടെ എണ്ണമറ്റ കവിതാനിരൂപണഗ്രന്ഥങ്ങളിലൂടെ യാത്രചെയ്താൽ കവികളെ സമഗ്രമായിത്തന്നെ വിലയിരുത്തണമെന്ന നിഷ്ഠയെ എം. ലീലാവതിയുടെ രചനകളിൽ കണ്ടെത്താൻ കഴിയും.

ഉപസംഹാരം

മലയാളനിരൂപണശാഖയിൽ, വിശേഷിച്ച് കവിതാനിരൂപണത്തിൽ ഏറെ സൂക്ഷ്മതയോടും വ്യാപ്തിയോടും കൂടി സഞ്ചരിച്ച വിമർശകപ്രതിഭയാണ് ഡോ.എം. ലീലാവതി. മാനുഷികമൂല്യങ്ങൾക്ക് വലിയ അളവിൽ പരിഗണന നല്കുന്ന സമഗ്രതാബോധമാണ് അവരുടെ വിമർശനങ്ങളുടെ പൊതുസവിശേഷത. മലയാള കവിതാസാഹിത്യചരിത്ര വിമർശനത്തിന് പുതിയമാനം നല്കുവാൻ സ്വകൃതികളിലൂടെ എം. ലീലാവതിക്ക് കഴിഞ്ഞിട്ടുണ്ട്. സാഹിത്യചരിത്രങ്ങളിലൂടെ വിമർശനത്തേയും വിമർശനത്തിലൂടെ സാഹിത്യചരിത്രത്തെയും കൂട്ടിയിണക്കുന്ന രീതി എം.ലീലാവതിയുടെ വിമർശന നേട്ടമാണ് (2015: 338).

എം. ലീലാവതിയുടെ നിരൂപണത്തിലന്തർഭവിച്ച തത്ത്വങ്ങളെ താഴെപ്പറയുന്ന വിധം ക്രോഡീകരിക്കാം:

- നിരൂപണമെന്നത് കൃതിയുടെ സൂക്ഷ്മപാരായണമാണ്. ഒരു കൃതി എങ്ങനെയാകണം എന്നല്ല തന്റെ വായനയിൽ എങ്ങനെയായിരിക്കുന്നു എന്നു പറയുകയാണ് എം.ലീലാവതി ചെയ്യുന്നത്.
- വിമർശന മാനദണ്ഡങ്ങളായ മാനസികാപഗ്രഥനം, പുരാവൃത്താധിഷ്ഠിത പഠനം തുടങ്ങിയവ അപഗ്രഥനാത്മക രീതിയിൽ

കൃതികളിലേയ്ക്ക് സന്നിവേശിപ്പിക്കുന്ന വിമർശന സമ്പ്രദായമാണ് എം. ലീലാവതി പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്.

- ഗുണസ്തുതിയിൽ ശ്രദ്ധയൂന്നി ദോഷവശങ്ങൾ കാണാതെ പോകുന്ന വിമർശനരീതിയല്ല എം.ലീലാവതി തെരഞ്ഞെടുത്തത്.
- പാശ്ചാത്യവും പൗരസ്ത്യവുമായ വൈജ്ഞാനിക-ഉപദർശ നങ്ങൾ എം.ലീലാവതിയുടെ നിരൂപണവാങ്മയത്തിൽ സമന്വയിപ്പിച്ചിട്ടുണ്ട്.
- രചയിതാവ് ബോധപൂർവ്വം ലക്ഷ്യംവെയ്ക്കാതെ പാരായണത്തിൽ കണ്ടെത്തുന്ന പാഠത്തെ ശാസ്ത്രീയമായി കണ്ടെത്തി അപഗ്രഥിക്കു ന്നതിൽ എം. ലീലാവതി കൂടുതലായി ശ്രദ്ധചെലുത്തി.

നിരൂപണമെന്നാൽ പാണ്ഡിത്യപ്രദർശനം എന്ന സമീപനമല്ല, മറിച്ച് സാഹിത്യകൃതികളെ ആഴത്തിൽ അപഗ്രഥിക്കാനും ആസ്വാദ നത്തിന്റെ വഴികൾ വിശദീകരിക്കാനും തയ്യാറായി എന്നുള്ളതാണ് എം. ലീലാവതിയെ ഇതര വിമർശകരിൽനിന്ന് വേറിട്ടുനിർത്തുന്ന പ്ര ധാനഘടകം. ബോധപൂർവ്വം എഴുതുന്ന കവിതയെയും സംഭവിക്കുന്ന കവിതയെയും - അവയുടെ കാവ്യസൗന്ദര്യത്തെ മണ്ഡനനിരൂപണത്തി ലൂടെ ഉന്മീലനം ചെയ്യാനുള്ള പരിശ്രമങ്ങളാണ് എം.ലീലാവതിയുടെ നിരൂപണങ്ങൾ എന്നുപറയാം. ചുരുക്കത്തിൽ എഴുത്തുകാർ ഉപയോ ഗിക്കേണ്ട സ്വാതന്ത്ര്യവും തനിമയും എങ്ങനെയാവണമെന്ന നിരീക്ഷ ണങ്ങളും കണ്ടെത്തലും അതുവഴി എഴുത്തുകാരെ പ്രചോദിപ്പിക്കുകയും ഒപ്പം ആസ്വാദകപക്ഷത്തുനിന്നുള്ള വിലയിരുത്തൽ നടത്തുകയുമാണ് നിരൂപണജീവിതത്തിലെ അസംഖ്യം കൃതികൾകൊണ്ട് എം.ലീലാ വതി ചെയ്തതെന്ന് നിസ്സംശയം പറയാം.

ഗ്രന്ഥസൂചി

1. ലീലാവതി, എം.(ഡോ.) 1969 കവിതയും ശാസ്ത്രവും. കോട്ടയം: എസ്.പി.സി.എസ്.
2. 1970 കണ്ണീരും മഴവില്ലും. കോട്ടയം: എസ്.പി.സി.എസ്.
3. 1972 നവതരംഗം. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്
4. 1977 വർണ്ണരാജി. കോട്ടയം: എസ്.പി.സി.എസ്.
5. 1980 ജി.യുടെ കാവ്യജീവിതം. കോട്ടയം: എസ്.പി.സി.എസ്.
6. 1982 അമൃതമശ്നുതേ. കോട്ടയം: എസ്.പി.സി.എസ്.
7. 1988 സത്യം, ശിവം, സുന്ദരം. കോട്ടയം: എസ്.പി.സി.എസ്.
8. 1993 കാവ്യാരതി. കോട്ടയം: എസ്.പി.സി.എസ്.

9. 1997 കവിതാരതി. കോഴിക്കോട്:മാതൃഭൂമി പബ്ലിക്കേഷൻസ്

10. 2008 സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി

11. രാമചന്ദ്രൻനായർ, പന്മന (പ്രഫ.). 2008 മലയാള സാഹിത്യനിരൂപണം. കോട്ടയം: കറന്റ് ബുക്സ്

12. ലീലാവതി, എം. (ഡോ.) 2009 ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

13. 2010 അക്കിത്തത്തിന്റെ കവിത, ഒരു പഠനം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം

14. 2011 മലയാള കവിതാസാഹിത്യ ചരിത്രം. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

15. 2012 നവകാന്തം. കോട്ടയം: എസ്.പി.സി.എസ്.

16. ശങ്കരൻ, കെ.പി. (എഡി.) 2015 വാഗർത്ഥ പ്രതിപത്തി. കോട്ടയം: കറന്റ് ബുക്സ്.